കേരള കാർഷിക സർവ്വകലാശാല
വാഴ ഗവേഷണ കേന്ദ്രം
പി.ഒ. കണ്ണാറ, മാരായ്ക്കൽ, തൃശ്ശൂർ – 680 652
ഫോൺ: 0487 – 2699087/ഇ–മെയിൽ: brskannara@kau.in

നമ്പർ: ബി.ആർ.എസ് (2).2164/2024 തിയ്യതി:. 28/01/2025

കേരള കാർഷിക സർവ്വകലാശാല കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിന്റെ ഓഫീസിലേക്ക് **Buy back offer** പ്രകാരം ബാറ്ററി സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിപ്പിച്ച് തരുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## ദർഘാസ് പരസ്യം

| | |
|---|---|
| ദർഘാസ് പരസ്യം നമ്പർ | **നമ്പർ: ബി.ആർ.എസ്(2).2164/2024 തിയ്യതി:..28/01 /2025** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തിയ്യതി | 07.02.2025 3.00 പി എം |
| ദർഘാസ് തുറക്കുന്ന തിയ്യതി | 07.02.2025 3.00 പി.എം. |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ |
| നിരതദ്രവ്യം | 1000 രൂപ |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | കണ്ണാറ വാഴ ഗവേഷണ കേന്ദ്രം ഓഫീസിലേയ്ക്ക് **Buy back offer** പ്രകാരം ബാറ്ററി വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്. |

| Item | Qty | Warranty |
|---|---|---|
| Exide / Quanta<br>12 V, 26 Ah SMF Online UPS Battery<br>for 5 KVA Supra Online UPS | 10 Nos. | 2 years minimum |

## നിബന്ധനകൾ

- ഫാമിലെത്തിച്ച് ഇൻസ്റ്റാൾ ചെയ്യേണ്ട തുകയാണ് (ടാക്സ് ഉൾപ്പെടെ) ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.
- യു.പി.എസ്, ബാറ്ററികൾ ഇൻസ്റ്റാൾ ചെയ്തതിനുശേഷം പ്രവർത്തിച്ചു കാണിക്കേണ്ടതാണ്.
- ഗുണനിലവാരമുള്ളവയാണ് സപ്ലൈ ചെയ്തത് എന്ന് വിതരണക്കാർ ഉറപ്പുവരുത്തേണ്ടതാണ്.
- വിതരണം ചെയ്യേണ്ട ബാറ്ററിക്ക് പ്രത്യേകം പ്രത്യേകം വില കാണിക്കേണ്ടതും ഓരോന്നിന്റേയും വാറന്റി കാലാവധി രേഖപ്പെടുത്തേണ്ടതുമാണ്. വാറന്റി കാർഡ് ഉണ്ടെങ്കിൽ ആയത് ബാറ്ററി വിതരണം ചെയ്യുന്ന സമയത്ത് തന്നെ ഈ ഓഫീസിൽ നൽകേണ്ടതാണ്
- ബാറ്ററികൾക്ക് കുറഞ്ഞത് 2 വർഷ മുഴുവൻ വാറണ്ടി ഉണ്ടായിരിക്കേണ്ടതാണ്.

- മേൽ പറഞ്ഞ ബാറ്ററികൾക്ക് തൃശ്ശൂർ ജില്ലയിൽ അംഗീകൃത സർവ്വീസ് സെന്ററുകൾ ഉണ്ടായിരിക്കണം.

**മറ്റ് നിബന്ധനകൾ**

1. പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് നിരതദ്രവ്യം ഉള്ളടക്കം ചെയ്ത് മേൽ സൂചിപ്പിച്ച വിലാസത്തിൽ 07/02/2025 ന് 3.00 മണിക്ക് മുമ്പായി എത്തിക്കേണ്ടതാണ്.
2. നിരതദ്രവ്യം ദർഘാസ് സമർപ്പിക്കുമ്പോൾ നേരിട്ട് അടയ്ക്കുകയോ, പ്രൊഫസർ & ഹെഡ്, കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിന്റെ പേരിൽ എസ്.ബി.ഐ, കണ്ണാറ ശാഖയിൽ മാറാവുന്ന ചെക്ക്/ ഡ്രാഫ്റ്റ് ആയോ ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്യാവുന്നതോ ആകുന്നു.
3. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യസമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്നു തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
4. വിജയിയായ ദർഘാസുകാരൻ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ബാറ്ററി ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. ഇതിനുശേഷം ബിൽ ഹാജരാക്കിയാൽ തുക ചെക്ക്/ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതായിരിക്കും.
5. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം പ്രൊഫസർ & ഹെഡ്ഡിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
6. ദർഘാസ് ലഭിക്കുന്നയാൾ ക്വട്ടേഷൻ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്.
7. ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായവ പാലിക്കാനുള്ള ഉത്തരവാദിത്വം പൂർണ്ണമായും കരാറുകാരന്റേതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
8. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. **ഫോൺ നമ്പർ: 0487 – 2699087**

BANANA RESEARCH STATION ★ KERALA AGRICULTURAL UNIVERSITY ★ Marakkal Kannara. P. O. Thrissur-680 652 Ph: 0487 2699087 Date.........

**ഒപ്പ്/-**
**ഡോ. വിമി ലൂയിസ്**
**പ്രൊഫസർ & ഹെഡ്**

**പകർപ്പ്:**

1. നോട്ടീസ് ബോർഡ്
2. ലോക്കൽ സർക്കുലേഷൻ
3. ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ് (സർവ്വകലാശാല ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
4. ഫയൽ / കരുതൽ ശേഖരം